**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ലഭ്യമാക്കുന്നതിനായുള്ള പി.ആർ.എസ്. സംവിധാനം മുഖേന പല ബാങ്കുകളും യഥാസമയം പണം കർഷകർക്ക് നൽകാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നെല്ല് സംഭരണത്തിൽ കൂടുതൽ പി ആർ എസ് അപേക്ഷകർ ഉള്ള ചില ബാങ്ക് ബ്രാഞ്ചുകളിൽ ഇത്തരത്തിലുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അവസരത്തിൽ ബാങ്കുകളുടെ മേഖല ഓഫീസുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിച്ചു പോരുന്നു. |
| (ബി) | തൃശ്ശൂർ ജില്ലയിൽ എസ്.ബി.ഐ. ശാഖകളിൽ നിന്നും പി.ആർ.എസ്. സ്വീകരിച്ച് പണം അനുവദിക്കുന്നതിൽ വീഴ്ച വരുത്തുന്നത് പരിഹരിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ 28/04/2024 വരെ പെയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തിട്ടുള്ള കർഷകരുടെ ലിസ്റ്റ് ആണ് എസ്.ബി.ഐ ലേക്ക് നൽകിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് അടിയന്തിരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എസ്.ബി.ഐ യുടെ മേഖല ഓഫീസുകളിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (സി) | പി.ആർ.എസ്. പ്രകാരം ലഭിക്കുന്ന വായ്പ കർഷകരുടെ വ്യക്തിഗത സിബിൽ സ്കോറിനെ ബാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പി.ആർ.എസ് വായ്പാ പദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരൻറർ (Guarantor). കർഷകർക്ക് പി.ആർ.എസ് വായ്പ വഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും തിരിച്ചു അടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിൽ കർഷകന് ബാധ്യത വരുന്നില്ല. അതുകൊണ്ട് തന്നെ ആയതു കർഷകന്റെ സിബിൽ സ്കോറിനെ ബാധിക്കുന്നില്ല. മുൻ വർഷങ്ങളിലും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് സമയ ബന്ധിതമായി നൽകുന്നതിനു പിആർഎസ് വായ്പ പദ്ധതി സപ്ലൈകോ നടപ്പിലാക്കിയിട്ടുണ്ട്. അന്നും വായ്പയുടെ മുതലും പലിശയും സപ്ലൈകോ കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ